# MALAYALAM



## Question 1

താഴെ തന്നിരിക്കുന്നവയിൽ നിന്നും ഏതെങ്കിലും രണ്ടെണ്ണം തിരഞ്ഞെടുത്ത് ഓരോ ഖണ്ഡിക തയ്യാറാക്കുക. **[4]**

(i) ആന (ii) പൈങ്കിളി

(iii) പൂന്തോട്ടം (iv) കുഞ്ഞ്

## Question 2

തന്നിരിക്കുന്ന ചിത്രം ആസ്പദമാക്കി നാലു വാക്യങ്ങൾ നിർമ്മിക്കുക. **[2]**



## Question 3

**(i)** ചില്ലക്ഷരങ്ങൾ എഴുതുക. **[2]**

**(ii)** നാല് കൂട്ടക്ഷരങ്ങൾ എഴുതി അവ ചേർന്ന് വരുന്ന നാല് പദങ്ങൾ എഴുതുക. **[2]**

## Question 4

തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **[2]**

വെള്ളത്താടി,ചുവന്ന കുപ്പായം,തലയിൽ ഒരു തൊപ്പി, കൈയിൽ വടി, സഞ്ചി നിറയെ സമ്മാനങ്ങൾ ക്രിസ്തുമസ് പപ്പായെക്കുറിച്ച നമ്മുടെ മനസ്സിലുള്ള ചിത്രമാണിത്. വിശുദ്ധ നിക്കോളാസ് ആണ് ക്രിസ്തുമസ് പപ്പാ എന്ന പേരിൽ ലോകപ്രശസ്തി നേടിയത്. ഒരു സമ്പന്ന കുടുംബത്തിലാണ് നിക്കോളാസ് ജനിച്ചത്. ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ മരിച്ച അതോടെ അനാഥനായി തീർന്ന ആ ബാലൻ സെമിനാരിയിൽ ചേർന്നു. ക്രിസ്തുമസ് പപ്പാ പല പേരുകളിലാണ് വിവിധ രാജ്യങ്ങളിൽ അറിയപ്പെടുന്നത് അമേരിക്കയിൽ സാന്താക്ലോസ്, ഇംഗ്ലണ്ടിൽ ഫാദർ ക്രിസ്മസ്, ഹോളണ്ടിൽ സിന്റർ ക്ലാസ് എന്നിങ്ങനെയാണ് ആ പേരുകൾ.

(i) ക്രിസ്തുമസ് പപ്പയായി ലോകപ്രശസ്തനായത് ആരാണ്?

(ii) അമേരിക്കയിൽ ക്രിസ്തുമസ് പപ്പ അറിയപ്പെടുന്ന പേര് എന്താണ്?

(iii) സിന്റർ ക്ലാസ് എന്ന പേരിൽ ക്രിസ്തുമസ് പപ്പ അറിയപ്പെടുന്നത് ഏത് രാജ്യത്താണ്?

(iv) നിക്കോളാസ് ജനിച്ചത് എങ്ങനെയുള്ള കുടുംബത്തിലാണ്?

.

## Question 5

**(i)** പദ്യം പൂരിപ്പിക്കുക (8 വരി ) **[4]**

പൈങ്കിളിയേ.............................................................നുകരാൻപോകുന്നു

**(ii)** വിഗ്രഹിക്കുക **[2]**

(a) മരക്കൊമ്പ് (b) കരിയില

(c) മാന്തളിർ (d) ചിതൽപ്പുറ്റ്

## Question 6

**(i)** പര്യായം എഴുതുക. **[4]**

(a) വീട് (b) പൂവ്

(c) ദിവസം (d) കാട്

**(ii)** വിപരീതപദം എഴുതുക **[2]**

(a) ഏകം (b) ശത്രു

(c) ന്യായം (d) അടയ്ക്കുക

## Question 7

**(i)** ബഹുവചനം എഴുതുക **[2]**

(a) മനുഷ്യൻ (b) വീട് (c) ചിതൽ (d) ജീവി

**(ii)** ചേർത്തെഴുതുക . **[2]**

(a) അടുത്ത് + എത്തി (b) ഉറപ്പ് +ഉള്ളത്

(c) കൈ + ഇൽ (d) എന്തിന് +ആണ്

## Question 8

**(i)** എതിർലിംഗം എഴുതുക. **[2]**

(a) ന്യായാധിപൻ (b) ദാസൻ (c) കൊമ്പനാന (d) ബുദ്ധിമാൻ

**(ii)** അർഥം എഴുതുക . **[2]**

(a) മസ്തകം (b) നിദ്ര (c) കുപ്പായം (d) വേല

**(iii)** പിരിച്ചെഴുതുക . **[2]**

(a) തിരക്കുള്ളത് (b) ചോദിച്ചില്ല (c) കാടിളക്കം (d) ചന്തമുണ്ട്

## Question 9

ഒറ്റവാക്കിൽ ഉത്തരം എഴുതുക . **[2]**

**(i)** മനുഷ്യരേക്കാൾ ഉയരവും വലിപ്പവുമുള്ള മൺപുറ്റുകൾ കാണപ്പെടുന്നത് എവിടെയാണ്?

**(ii)** കുട്ടചമയ്ക്കാൻ പോയതാര്?

**(iii)** മുല്ലായുടെ പ്രാർഥന കേട്ടതാര്?

**(iv)** സ്വന്തമായി ഭക്ഷണം ഉൽപാദിപ്പിക്കുവാൻ കഴിവുള്ളത് ആർക്കാണ് ?

## Question 10

ഉത്തരം എഴുതുക. **[4]**

**(i)** പണിക്കാരായ ചിതലുകളുടെ ജോലി എന്തെല്ലാമാണ്?

**(ii)** പൈങ്കിളി തിരക്കിട്ട് പോയത് എന്തിനാണ്?

**(iii)** മുല്ലാ ദൈവത്തോട് പ്രാർഥിച്ചത് എന്താണ്?

**(iv)** ആനയുടെ മൂക്കിന് എന്തുമാറ്റമാണ് ഉണ്ടായത്?

******